**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3528** | **02-03-2023 - ൽ മറുപടിയ്ക്ക്**

**കർമ്മചാരി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പഠനത്തിനൊപ്പം തൊഴിൽ എന്ന ലക്ഷ്യവുമായി കർമ്മചാരി എന്ന ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | പഠനത്തോടൊപ്പം തൊഴിൽ എന്ന ലക്ഷ്യവുമായി 'കർമ്മചാരി' എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലി എന്നത് സാധ്യമാക്കുന്നതിനായി 'കർമ്മചാരി' എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമാ പ്രതിനിധികളുമായും ഒരു ഗൂഗിൾമീറ്റ് ചേരുകയും ചെയ്തു.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08/02/2023 തീയതിയിൽ ബഹു. തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് തീരുമാനം എടുക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>സംസ്ഥാനസർക്കാർ രാജ്യത്ത് ആദ്യമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുമായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്ന പക്ഷം സംസ്ഥാനത്ത് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ' എ' യിൽ മറുപടി നൽകിയിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് പോളി ടെക്നിക്കുകളിൽ നടത്തിവരുന്ന ഇൻഡസ്ട്രി ഓൺ കാമ്പസ് പരിപാടി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; ഇതേ മാതൃകയിൽ കർമ്മചാരി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഏകോപനത്തിനായി നോഡൽ ഓഫീസറെ നിയോഗിക്കുകയും ടി പദ്ധതി സംബന്ധിച്ച അവലോകനം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തലത്തിൽ നടത്തുകയും ചെയ്യുന്നുണ്ട്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പരിപാടി മാതൃകയിൽ കർമ്മചാരി പദ്ധതി നടപ്പിലാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ